**KOLLAM CITY POLICE**
https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 18/ 02/ 2021

# കുപ്രസിദ്ധ കുറ്റവാളി ഹാരീസ് കാപ്പ പ്രകാരം അറസ്റ്റിൽ

കൊല്ലം : കരുനാഗപ്പള്ളി സബ്ബ് ഡിവിഷൻ പരിധിയിലെ വിവിധ സ്റ്റേഷനുകളിൽ പതിനേഴോളം ക്രിമിനൽ കേസുകളിൽ പ്രതിയായ കൊല്ലം ജില്ലയിൽ, കരുനാഗപ്പള്ളി താലൂക്കിൽ, തേവലക്കര വില്ലേജിൽ, പടിഞ്ഞാറ്റക്കര മുറിയിൽ, ആലപ്പുറത്ത് തെക്കതിൽ എന്നറിയപ്പെടുന്ന ജാരീസ് മൻസിലിൽ വീട്ടിൽ റഷീദ് മകൻ ജാരീസ് എന്നു വിളിക്കുന്ന ഹാരീസിനെ (35) കാപ്പ ചുമത്തി ജയിലിലടച്ചു. അസമയങ്ങളിൽ വഴിയാത്രക്കാരെ തടഞ്ഞ് നിർത്തി ആയുധം കാണിച്ച് ആക്രമിച്ച് കവർച്ച, മോഷണം, കൂട്ടായ്മ കവർച്ച, തട്ടികൊണ്ടു പോകൽ, ബലാൽസംഗം, കുട്ടികൾക്കെതിരെയുള്ള ലൈംഗീക അതിക്രമം, ആരാധനാലയം അടിച്ച് തകർക്കൽ, സ്ഫോടക വസ്തുക്കൾ ഏറിഞ്ഞ് ആക്രമിക്കൽ, തുടങ്ങിയ നിരവധി കുറ്റകൃത്യങ്ങളിൽ പ്രതിയായതിനാണ് ഇയാൾക്കെതിരെ കാപ്പാ ചുമത്തിയത്. കൊടും കുറ്റവാളികൾക്കെതിരെ കാപ്പാ ചുമത്തുന്നതിന്റെ ഭാഗമായി ജില്ലാ പോലീസ് മേധാവി നാരായണൻ.റ്റി.ഐ.പി.എസ്സ് കൊല്ലം ജില്ലാ കളക്ടർക്ക് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.


ഹാരീസ @ ജാരീസ്

തെക്കുംഭാഗം എസ്സ്.ഐ സന്തോഷ്കുമാർ. എസ്സ്, എ.എസ്സ്.ഐമാരായ വിജയൻ, രണദേവൻ, സജിമോൻ, രാജേഷ്, റൗഫ്, വനിതാ സി.പി.ഓമാരായ ശുഭ, ശാലു, സലീന മഞ്ജു സ്പെഷ്യൽ ബ്രാഞ്ച് എ.എസ്സ്.ഐ സുരേഷ്കുമാർ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

ജില്ലയിൽ കഴിഞ്ഞ മൂന്ന് മാസമായി കാപ്പാ പ്രകാരം കരുതൽ തടങ്കൽ ഉത്തരവായ ഏഴ് കുറ്റവാളികൾ ഇപ്പോൾ വീയ്യൂർ സെൻട്രൽ ജയിലിൽ കരുതൽ തടങ്കലിൽ കഴിഞ്ഞ് വരുകയാണ്. ഇവർക്കെതിരെയുള്ള ഉത്തരവ് കാപ്പാ അഡ്വൈസറി ബോർഡ് അംഗീകരിച്ചിട്ടുള്ളതായും വരുന്ന ദിവസങ്ങളിൽ കാപ്പാ പ്രകാരം കൂടുതൽ അറസ്റ്റുകൾ ഉണ്ടാവുമെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു. സ്ഥിരം കുറ്റവാളികൾക്കെതിരെ കരുതൽ തടങ്കൽ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സബ്ബ് ഇൻസ്പെക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുള്ളതായും അനുയോജ്യരായവർക്കെതിരെ കാപ്പാ നടപടികൾ അടിയന്തരമായി സ്വീകരിക്കുമെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു.